"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചെറുവണ്ണൂർ വില്ലേജ് ഓഫീസിലെ കാഷ്വൽ സ്വീപ്പർ, ശ്രീമതി ഗീത പി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1668/2023 നമ്പർ കേസിലെ 12.10.2023 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.1320/2024/RD    തീയതി,തിരുവനന്തപുരം, 06-06-2024

---

പരാമർശം:-
1. 25.11.2005 ലെ സ.ഉ.(പി) നം.501/2005/ധന നമ്പർ സർക്കാർ ഉത്തരവ്.
2. ശ്രീമതി ഗീത പി. സർക്കാർ മുമ്പാകെ സമർപ്പിച്ച 18.09.2023 ലെ നിവേദനം.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.10.2023 ലെ OA(EKM) 1668/2023 നമ്പർ കേസിലെ ഉത്തരവ്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.02.2024 ലെ എൽ.ആർ./10993/2023-എൽ.ആർ.(എൻ3) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീമതി ഗീത പി. 1998 മുതൽ കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ ചെറുവണ്ണൂർ വില്ലേജ് ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്ത് വരുന്നു. ടി വില്ലേജ് ഓഫീസിന്റെ സ്വീപ്പിംഗ് ഏര്യ 100 ച.മീ. ൽ താഴെയായിരുന്നതിനാൽ പരാമർശം (1) പ്രകാരം ടിയാളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയിരുന്നില്ല. തുടർന്ന് ചെറുവണ്ണൂർ വില്ലേജ് ഓഫീസ് 15.02.2021 മുതൽ 100 ച.മീ. അധികം സ്വീപ്പിങ് ഏര്യയുള്ള പുതിയ കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം ആരംഭിച്ചതിനാൽ, തന്നെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് അപേക്ഷക സർക്കാർ മുമ്പാകെ പരാമർശം (2) പ്രകാരം ഒരു നിവേദനം സമർപ്പിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യം ഉന്നയിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA(EKM) 1668/2023 നമ്പർ കേസും ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസിൽ ബഹു. ട്രൈബ്യൂണൽ, വിധിപ്പകർപ്പ് ലഭ്യമായ തീയതി മുതൽ 4 മാസത്തിനകം ആവശ്യമായ റിപ്പോർട്ടുകൾ ലഭ്യമാക്കി അനക്സർ എ 6 മുതൽ അനക്സർ എ 9 വരെയുള്ള ഉത്തരവുകളും അനക്സർ എ 4, എ 5 സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് അപേക്ഷക സർക്കാർ മുമ്പാകെ സമർപ്പിച്ച അനക്സർ എ 10 നിവേദനം പരിഗണിച്ച് തീർപ്പാക്കുവാൻ പരാമർശം (3) പ്രകാരം സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2) ചെറുവണ്ണൂർ വില്ലേജ് ഓഫീസ് 15.02.2021 മുതൽ 154.07 ച. മീ. സ്വീപ്പിംഗ് ഏര്യയുള്ള പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചതിനെ തുടർന്ന് ടി ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് നിലവിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ഗീത പി. യെ ടി തസ്തികയിൽ

സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രൊപ്പോസൽ കൊയിലാണ്ടി പൊതുമരാമത്ത് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ സ്വീപ്പിങ് ഏര്യ സർട്ടിഫിക്കറ്റ്, കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റ്, സ്കെച്ച് എന്നിവ സഹിതം പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരമാർശം (3) ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അനക്സർ എ 4 മുതൽ അനക്സർ എ 9 വരെയുള്ള കോടതി ഉത്തരവുകളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിലെ ചെറുവണ്ണൂർ വില്ലേജോഫീസിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി ഗീത പി. യെ പ്രസ്തുത ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസ് 100 ച. മീ. ൽ അധികം സ്വീപ്പിങ് ഏര്യയുള്ള പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച 15.02.2021 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചും തദനുസൃതമായ ആനുകൂല്യങ്ങൾ ടിയാൾക്ക് അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരമാർശം (3) ഉത്തരവിലെ നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം).
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോഴിക്കോട്.
ശ്രീമതി ഗീത പി., കാഷ്വൽ സ്വീപ്പർ, ചെറുവണ്ണൂർ വില്ലേജ് ഓഫീസ്, ചെറുവണ്ണൂർ പി.ഒ., കോഴിക്കോട്. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (17.04.2024 ലെ 2722997/EXP-C2/6/2024/ധന നമ്പർ റിമാർക്സ് പ്രകാരം)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/208/2023-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 06-06-2024 16:59:41
സെക്ഷൻ ഓഫീസർ

പകർപ്പ്:-
ബഹു. മുഖ്യമന്ത്രിയുടെ പി. എസ്. ന്
ബഹു. റവന്യൂ മന്ത്രിയുടെ പി. എസ്. ന്.